6534
1/12/18

കേരള സർക്കാർ

<u>സംഗ്രഹം</u>

റാന്നി ഡിവിഷൻ - ഗൂഡ്രിക്കൽ റെയിഞ്ച് - ബെൽറ്റ് പ്ലാന്റേഷൻ ആർ.എൽ.ഇ.ജി.പി. പദ്ധതിയനുസരിച്ച് മുളയും, തേക്കും നട്ടത് സംബന്ധിച്ചുള്ള ക്രമക്കേടുകൾ- സർവ്വശ്രീ.കെ.റ്റി.ഹരിഹരൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.), കെ.ഗോപാലകൃഷ്ണൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) എന്നിവരുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.477/2018/വനം തീയതി,തിരുവനന്തപുരം, 13/11/2018

പരാമർശം:- 1 08.03.1989-ലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (സംരക്ഷണം) ന്റെ ബി 2-5787/89 നമ്പർ ഉത്തരവ്

2 30.08.1989, 08.08.1990 എന്നീ തീയതികളിലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (സംരക്ഷണം) ന്റെ ബി 2-5787/89 നമ്പർ ഉത്തരവുകൾ

3 17.06.1997-ലെ സ.ഉ.(സാധാ) നം. 171/1997/വിജി. ഉത്തരവ്

4 28.01.1998-ലെ സ.ഉ.(സാധാ) നം. 33/1998/വിജി. ഉത്തരവ്

5 Crl A. 324,354/01 നമ്പർ അപ്പീലുകളിൻമേൽ 08.10.2015-ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ്

6 26.04.2017-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി 2-31773/2016 നമ്പർ കത്ത്.

<u>ഉത്തരവ്</u>

റാന്നി ഡിവിഷനിൽ ഗൂഡ്രിക്കൽ റെയിഞ്ചിലെ പന്നിമൂല, ആനചന്ത, അളിയൻമുക്ക് എന്നിവിടങ്ങളിൽ അനധികൃത പ്രവേശനം ഒഴിപ്പിച്ചെടുത്ത സ്ഥലത്ത് തേക്ക്, മുള എന്നിവ ബെൽറ്റ് പ്ലാന്റേഷൻ മാതൃകയിൽ 72.22 ഹെക്ടർ സ്ഥലത്ത്

നടാൻ അടങ്കൽ തയ്യാറാക്കിയിരുന്ന രണ്ട് അടങ്കല്പകളിലായി സർവ്വശ്രീ.കെ.റ്റി.ഹരിഹരൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കെ.ഗോപാലകൃഷ്ണൻ, ഫോറസ്റ്റർ എന്നിവർ 3,44,800.15 രൂപ ദുർവിനിയോഗം ചെയ്തതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്മാരെ പരാമർശം ( 1 ) പ്രകാരം സസ്പെന്റ് ചെയ്യുകയും 05.07.1989-ൽ ഇരുവർക്കും കുറ്റപത്രം നൽകുകയും ചെയ്തു. തുടർന്ന് പരാമർശം (2) പ്രകാരം ടി ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരിച്ചെടുത്തു.

2) ടി വിഷയവുമായി ബന്ധപ്പെട്ട് പിന്നീട് വിജിലൻസ് അന്വേഷണം നടത്തുകയും തിരുവനന്തപുരം വിജിലൻസ് പോലീസ് സ്റ്റേഷൻ സ്പെഷ്യൽ സെല്ലിൽ 1/94 ആയി ക്രൈം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. തുടർന്ന് വിജിലൻസ് വകുപ്പ് ടിയാന്മാരെ ഒരിക്കൽ കൂടി പരാമർ ശം ( 3 ) പ്രകാരം സസ്പെന്റ് ചെയ്യുകയും പരാമർശം (4) പ്രകാരം പുനഃപ്രവേശിപ്പിക്കുകയും ചെയ്തു.

3) പരാമർശം (5)-ലെ ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതി, വിജിലൻസ് കേസിലെ അപ്പീലിൽ ഇരുവരെയും കുറ്റവിമുക്തരാക്കിയതിനാൽ ശ്രീ.കെ.റ്റി.ഹരിഹരൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട), ശ്രീ.കെ.ഗോപാലകൃഷ്ണൻ, റെയിഞ്ച് ഓഫീസർ (റിട്ട) എന്നിവർ സസ്പെഷൻ കാലം ക്രമീകരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ബഹു.ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ടിയാന്മാരുടെ സസ്പെൻഷൻ കാലം ക്രമീകരിച്ച് ഉത്തരവാകുന്നതിന് പരാമർശം ( 6 ) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.കെ.റ്റി.ഹരിഹരൻ, ശ്രീ.കെ.ഗോപാലകൃഷ്ണൻ എന്നിവരുടെ 17.06.1997 മുതൽ 27.01.1998 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്ത കഴിച്ചുള്ള മുഴുവൻ ശമ്പളവും അലവൻസും സഹിതം എല്ലാ കാര്യത്തിനും ഡ്യൂട്ടിയായും 28.01.1998 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള കെ.എസ്.ആർ. ഭാഗം 1 ചട്ടം 56 (ബി) (9) ന താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ, അർഹമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) മേൽ ഉദ്യോഗസ്ഥരെ പരാമർശം (l) പ്രകാരം സസ്പെന്റ് ചെയ്ത കാലയളവ് ക്രമീകരിക്കേണ്ട നടപടികൾ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.പ്രവീൺ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.റ്റി.ഹരിഹരൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)

ശ്രീ.കെ.ഗോപാലകൃഷ്ണൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

വിജിലൻസ് (ഇ) വകുപ്പ് (Vig-E4/88/2018-vig പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by BIJI K
Date: 2018.11.1[illegible] 17:26:28
IST
Reason: Approved